LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന് ലഭിക്കേണ്ട ഭൂനികുതി പിരിച്ചടയ്ക്കുന്നത് റവന്യൂ വകുപ്പാണ്. ഭൂവുടമകളിൽനിന്നും ലഭിക്കേണ്ട അംശദായം കൃത്യമായി പിരിച്ചെടുക്കുന്നതിനാവശ്യമായ നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകി, ഭൂവുടമാ വിഹിത കളക്ഷൻ ഊർജ്ജിതപ്പെടുത്തുന്നതിന് നിലവിലുള്ള നടപടിക്രമങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് തൊഴിൽ വകുപ്പ്, റവന്യൂ വകുപ്പിനോട് അഭ്യർത്ഥിച്ചിരുന്നു. ഭൂവുടമാ പിരിവ് സംബന്ധിച്ച് റവന്യൂ വകുപ്പിൽനിന്നും 6-9-1993-ൽ പുറപ്പെടുവിച്ച 53734/ഇ 3/93/റവന്യൂ നമ്പർ സർക്കുലർ ഭേദഗതി ചെയ്യുന്ന വിഷയം സജീവ പരിഗണനയിലാണെന്ന് റവന്യൂ വകുപ്പ് തൊഴിൽ വകുപ്പിനെ അറിയിച്ചിട്ടുണ്ട്.

(ബി) 31-12-2009 വരെയുള്ള ആനുകൂല്യങ്ങളിൽ തീർപ്പ് കൽപ്പിച്ചിട്ടുണ്ട്. വിവിധ ആനുകൂല്യങ്ങളിലായി 267847 അപേക്ഷകൾ ബോർഡിന്റെ പക്കൽ കുടിശ്ശികയായി കിടക്കുന്നുണ്ട്. ആനുകൂല്യ കുടിശ്ശിക വിതരണം ചെയ്യുന്നതിന് ധനസഹായം അനുവദിക്കണമെന്ന് ബോർഡ് ശിപാർശ സമർപ്പിച്ചിരുന്നു. എന്നാൽ സർക്കാരിന്റെ നിലവിലെ വിഭവ സമാഹരണത്തിലുള്ള അപര്യാപ്തത കാരണം കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ് ആവശ്യപ്പെട്ടിരുന്ന ധനസഹായം അനുവദിക്കാൻ നിർവ്വാഹമില്ലാത്ത സാഹചര്യമാണുള്ളത്.

(സി) ബോർഡിന്റെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് ഭൂവുടമാ വിഹിതവും അംശദായ വിഹിതവും വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

ചുമട്ടുതൊഴിലാളി കാർഡുകൾ

259 (2814) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ചുമട്ടുതൊഴിലാളി കാർഡുകൾ ആരെങ്കിലും അനർഹമായി കരസ്ഥമാക്കിയതായി കണ്ടെത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എങ്കിൽ നിശ്ചിത കാലാവധിയ്ക്കുള്ളിൽ വിശദമായ പരിശോധന നടത്തി ഇതിന്മേൽ നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ;

(സി) അനർഹമാണെന്ന് കണ്ടെത്തിയാൽ കാർഡുകൾ റദ്ദാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. തിരുവനന്തപുരം ജില്ലയിൽ 1-ഉം കൊല്ലം ജില്ലയിൽ 12-ഉം വയനാട് ജില്ലയിൽ 7-ഉം തൊഴിലാളികളുടെ കാർഡുകൾ അനർഹമാണെന്ന് കണ്ടെത്തുകയും ആയത് റദ്ദ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ബി-ഡി) അനർഹമായി ചുമട്ടു തൊഴിലാളി കാർഡുകൾ കരസ്ഥമാക്കിയതായി കണ്ടെത്തിയാൽ തിരിച്ചറിയൽ കാർഡുകൾ ചുമട്ടുതൊഴിലാളി നിയമമനുശാസിക്കുന്ന രീതിയിൽ പരിശോധിച്ച് റദ്ദ് ചെയ്യുന്നുണ്ട്. മേൽപ്പറഞ്ഞ പ്രകാരം തിരുവനന്തപുരം, കൊല്ലം, വയനാട് ജില്ലകളിൽ അനർഹമാണെന്ന് കണ്ടെത്തിയ കാർഡുകൾ റദ്ദ് ചെയ്തിട്ടുണ്ട്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം

260 (2815) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 വർഷത്തിൽ ഏതൊക്കെ തസ്തികകളിലേക്ക് ഏതൊക്കെ സ്ഥാപനങ്ങളിലേക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ഉദ്യോഗാർത്ഥികളെ നിയമിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത ഉദ്യോഗാർത്ഥികളിൽ ജോലി ലഭിക്കാത്തവരിൽ എത്ര പേർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ തിരികെ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്ന് ജോലിക്ക് നാമനിർദ്ദേശം ചെയ്യുകയും ജോലി ലഭിക്കാത്തതുമായ ഉദ്യോഗാർത്ഥികൾ തിരികെ എപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ റിപ്പോർട്ട് ചെയ്യണമെന്ന വ്യവസ്ഥ നിലവിലില്ല

LIBRARY ARCHIVES Kerala Legislative Assembly